തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വസ്തുകൈമാറ്റ നികുതിയിനത്തിൽ ലഭിക്കുന്ന തുകയിൽനിന്നും കുടിശ്ശികയാക്കിയിട്ടുള്ള വെള്ളക്കരം ഈടാക്കാൻ നടപടി

29 [2744] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വസ്തു കൈമാറ്റ നികുതിയിനത്തിൽ ലഭിക്കുന്ന തുകയിൽനിന്നും പ്രസ്തുത സ്ഥാപനങ്ങൾ കുടശ്ശികയാക്കിയിട്ടുള്ള വെള്ളക്കരത്തിന്റെ ചാർജ് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ വെള്ളക്കരം ഇനത്തിൽ അടയ്ക്കേണ്ടതിലും കൂടുതൽ തുക ഈ ഇനത്തിൽ ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ അപ്രകാരം സംഭവിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) വെള്ളക്കരം കുടിശ്ശികയില്ലാത്ത സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ഫണ്ടിൽ നിന്നും കുടിശ്ശികയിനത്തിൽ തുക ഈടാക്കിട്ടുള്ളതായി അറിയാമോ;

(ഇ) അധികമായി ഈടാക്കിയിട്ടുള്ള തുക തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) തദ്ദേശഭരണ സ്ഥാപനങ്ങൾ വെള്ളക്കരം ഇനത്തിൽ അടയ്ക്കാനുള്ള തുക സംബന്ധിച്ച് വിവരം വാട്ടർ അതോറിറ്റിയുടെ അതാത് ഡിവിഷൻ മുഖേന മുൻകൂട്ടി ശേഖരിച്ച് കുടിശ്ശികയുള്ള തുക മാത്രം ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ 2-8-1994-ലെ ജി.ഒ.(എം. എസ്) 188/94/എൽ.എ.ഡി. നം. ഉത്തരവു പ്രകാരം വസ്തു കൈമാറ്റ നികുതിയിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പാദവർഷത്തിൽ ലഭിക്കേണ്ടതായ ഓഹരിയുടെ 25% വരുന്ന തുക ജല അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശികയിനത്തിൽ ഐ. ജി. രജിസ്ട്രേഷൻ മുഖാന്തിരം ലഭിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ജില്ലാടിസ്ഥാനത്തിൽ വിവിധ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം ഐ.ജി. രജിസ്ട്രേഷൻ ജല അതോറിറ്റിയെ നേരിട്ട് അറിയിക്കുന്നു. എന്നാൽ പഞ്ചായത്തുകൾക്ക് മാറ്റിവയ്ക്കുന്ന ആകെ തുക പഞ്ചായത്ത് ഡയറക്ടറെ അറിയിക്കുകയും ആയത് പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം മുഖാന്തിരം ജില്ലാടിസ്ഥാനത്തിൽ വിവിധ പഞ്ചായത്തുകൾക്ക് വകയിരുത്തി ജല അതോറിറ്റിയെ അറിയിക്കുകയും ചെയ്യുന്നു. ഇപ്രകാരം ചെയ്യുമ്പോൾ ചില സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വെള്ളക്കരയിനത്തിൽ അടയ്ക്കേണ്ടതിലും കൂടുതൽ തുക വകയിരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അറിയാം.

(ഇ) അധികം വകയിരുത്തുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരിച്ചു നൽകാറുണ്ട്.

(എഫ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വെള്ളക്കരയിനത്തിൽ അടയ്ക്കുവാനുള്ള തുക സംബന്ധിച്ച വിവരം വാട്ടർ അതോറിറ്റിയുടെ അതാത് ഡിവിഷനിൽ നിന്നും ശേഖരിച്ച് ആയത് ഏകീകരിച്ച് വാർഷിക കണക്ക് മുനിസിപ്പൽ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും ലഭ്യമാക്കാറുണ്ട്.

ഗ്രാമീണ മേഖലയിൽ സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ

30 [2746] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ ഏതെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ഇത്തരത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ഏജൻസി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി, കൊല്ലം ജില്ലാ പഞ്ചായത്ത്, കാസർഗോഡ് ജില്ലാ പഞ്ചായത്ത്.

(ബി) കേരള വാട്ടർ അതോറിറ്റി 130 ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുത്തതിൽ 49 പദ്ധതികളുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്വജൽധാര-1 പദ്ധതി പ്രകാരം ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ മിഷൻ മുഖേന 199 പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വർഷ പദ്ധതി പ്രകാരം 1058 യൂണിറ്റുകളുടെ പണികൾ ഏറ്റെടുത്തതിൽ 521 യൂണിറ്റുകളുടെ പണികൾ പൂർത്തീകരിച്ചു.

ലോകബാങ്ക് സഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി വഴി നടപ്പിലാക്കുന്ന ശുദ്ധജല-ശുചിത്വ പദ്ധതി പ്രകാരം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 78 പഞ്ചായത്തുകളിലായി 723 ചെറുകിട ശുദ്ധജല പദ്ധതികൾ പ്രവർത്തനനിരതമാണ്.

കൊല്ലം ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ രാജീവ് ഗാന്ധി ദേശീയ കുടിവെള്ള മിഷൻ പദ്ധതി പ്രകാരം 26 ഗ്രാമ പഞ്ചായത്തുകളിലായി 233 ഗ്രാമീണ ശുദ്ധജല പദ്ധതികൾ ഏറ്റെടുത്തതിൽ 102 പദ്ധതികളും 25 സ്കൂൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തതിൽ 8 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly